"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഏറണാകുളം ജില്ല - മുളവുകാട് ഗ്രാമ പഞ്ചായത്ത് - ബഹു. ഹൈക്കോടതിയിലെ WPC 14668/16 നമ്പർ കേസിൽ സീനിയർ അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തിയതിന് -തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1468/2023/LSGD തീയതി,തിരുവനന്തപുരം, 19-07-2023

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന 12.04.2021, 11.10.2022 തീയതികളിലെ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറ് വശത്തുകൂടി കടന്ന് പോകുന്ന കണ്ടയ്നർ റോഡ്, ഹൈവേ അതോറിറ്റിയുടെ അശാസ്ത്രീയ നിർമ്മാണത്തെ തുടർന്ന് മുളവുകാട് ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് ഒരുക്കേണ്ട അടിസ്ഥാന സൗകര്യം ഒരുക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഏറെയായതിനാലും കണ്ടയ്നർ റോഡിലുണ്ടാകുന്ന അപകടങ്ങളെക്കുറിച്ചും അതിന് കൈക്കൊണ്ട നടപടിക്രമങ്ങളെക്കുറിച്ചും പരാമർശിച്ച് ബഹു. ഹൈക്കോടതി WPC 14668/16 നമ്പറായി സ്വമേധയാ എടുത്ത കേസിൽ പഞ്ചായത്തിന്റെ വാദമുഖങ്ങൾ അവതരിപ്പിക്കുന്നതിന് സീനിയർ അഡ്വക്കറ്റിനെ ചുമതലപ്പെടുത്തുകയും വക്കീൽ ഫീസ്, സ്റ്റേഷനറി ചാർജ് എന്നിവയടക്കം 58000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അഡ്വക്കേറ്റിന് നൽകുന്നതിന് അനുമതി നൽകുന്നതിലേക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കോടതി, ,WPC 14668/16 നമ്പറായി സ്വമേധയാ എടുത്ത കേസിൽ എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ വാദമുഖങ്ങൾ ബഹു. ഹൈക്കോടതി മുമ്പാകെ അവതരിപ്പിക്കുന്നതിനായി സീനിയർ അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തിയതിന് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 58000/-രൂപ(അൻപത്തിഎട്ടായിരം രൂപ മാത്രം) നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി,മുളവുകാട് ഗ്രാമ പഞ്ചായത്ത്
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
K Renuka
സെക്ഷൻ ഓഫീസർ
Date: 21-07-2023 11:00:02

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.